# കേരള സർക്കാർ

## സംഗ്രഹം

കൊല്ലം ജില്ലയിലെ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസറായിരുന്ന ശ്രീമതി എ.കെ.സുധാമ്മ, തിരുവനന്തപുരം അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA.No.214/2021 കേസിന്മേലുള്ള 30/01/2024 തീയതിയിലെ ഉത്തരവ് പാലിച്ച് ഡി.സി.ആർ.ജി-യിൽ നിന്നും തടഞ്ഞു വെച്ചിരുന്ന ബാധ്യത തുകയ്ക്ക് പലിശ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## ധനകാര്യ (പെൻഷൻ-ബി) വകുപ്പ്

**സ.ഉ.(സാധാ)നം.2771/2025/ധന          തിരുവനന്തപുരം, തീയതി: 21/03/2025**

---

പരാമർശം:- (1) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 30.01.2024 ലെ OA.No.214/2021 നമ്പർ ഉത്തരവ്.

(2) ബഹു. ഹൈക്കോടതിയുടെ 20.12.2024 ലെ OP (KAT) 338/2024 നമ്പർ ഉത്തരവ്.

## ഉത്തരവ്

കൊല്ലം ജില്ലയിലെ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസറായി 31/05/2014-ൽ സർവ്വീസിൽ വിരമിച്ച ശ്രീമതി. എ. കെ. സുധാമ്മ കൊല്ലം ജില്ലയിലെ പന്മന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി സേവനമനുഷ്ഠിച്ച കാലയളവിലെ ബാധ്യതയായി 1,27,866/- (ഒരു ലക്ഷത്തി ഇരുപത്തിയേഴായിരത്തി എണ്ണൂറ്റി അറുപത്തി ആറ് രൂപ മാത്രം) തിട്ടപ്പെടുത്തി ടി പഞ്ചായത്തിൽ നിന്നും ബാധ്യതാ സർട്ടിഫിക്കറ്റ് നൽകിയതിൻ പ്രകാരം പ്രസ്തുത തുക ടിയാളുടെ ഡി.സി.ആർ.ജി യിൽ നിന്നും തടഞ്ഞു വെച്ചിരുന്നു. ഡി.സി.ആർ.ജി - യിൽ നിന്നും തടഞ്ഞുവച്ച 1,27,866/- രൂപ 18% പലിശ ഉൾപ്പെടെ 19/12/2015 തീയതി പ്രാബല്യത്തിൽ നൽകണമെന്നാവശ്യപ്പെട്ട് ടിയാൾ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA.No.214/2021 ആയി കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിലെ പരാമർശം (1) ഉത്തരവ് പ്രകാരം ശ്രീമതി എ. കെ. സുധാമ്മയുടെ ഡി.സി.ആർ.ജി -യിൽ നിന്നും തടഞ്ഞുവെച്ച ഓഡിറ്റ് പരാമർശ പ്രകാരമുള്ള ബാധ്യത തുകയായ 1,27,866/- രൂപ 31/05/2017 മുതൽ 6% പലിശയോടെ അനുവദിച്ച് നൽകാൻ ഉത്തരവായിരുന്നു. ടി വിധിന്യായത്തിനെതിരെ ഭരണ വകുപ്പ് അപ്പീൽ ഫയൽ ചെയ്യുകയും പരാമർശം 2 പ്രകാരം ബഹു. ഹൈക്കോടതി, അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് ശരിവെക്കുകയും പരാതിക്കാരിക്ക് രണ്ട് മാസത്തിനുള്ളിൽ ടി തുക അനുവദിച്ച് നൽകുന്നതിനും ഉത്തരവായിരിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കൊല്ലം ജില്ലയിലെ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ തസ്തികയിൽ നിന്നും 31/05/2014-ൽ

വിരമിച്ച ശ്രീമതി എ. കെ. സുധാമ്മയുടെ ഡി.സി.ആർ.ജി-യിൽ നിന്നും തടഞ്ഞുവെച്ച ഓഡിറ്റ് പരാമർശ പ്രകാരമുള്ള ബാധ്യത തുകയായ 1,27,866/- രൂപ തിരികെ നൽകാനും ടി തുകക്ക് 31/05/2017 മുതൽ 28/02/2025 വരെ 6% പലിശ തുകയായ 59,479/- (അൻപത്തി ഒൻപതിനായിരത്തി നാനൂറ്റി എഴുപത്തി ഒൻപത്) രൂപ '2071-01-104-88-ഗ്രാറ്റിവിറ്റി അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകുമ്പോൾ കൊടുക്കേണ്ടി വരുന്ന പലിശ (പദ്ധതിയേതരം-ചാർജ്ജ്ഡ്)' എന്ന ശീർഷകത്തിൽ നിന്നും തേർച്ച ചെയ്ത് ശ്രീമതി. സുധാമ്മയുടെ പെൻഷൻ വിതരണം ചെയ്യുന്ന ട്രഷറി അക്കൗണ്ടിലേയ്ക്കോ ബാങ്ക് അക്കൗണ്ടിലേയ്ക്കോ മാറി നൽകുവാൻ ട്രഷറി ഡയറക്ടറെ ചുമതലപ്പെടുത്തി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (1) വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പന്മന ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും ടി പലിശ തുക (59,479/- രൂപ) '0071-01-800-97- Other Items' എന്ന ശീർഷകത്തിൽ തിരികെ ഒടുക്കു വരുത്തേണ്ടതാണെന്നും ടി തുക സർക്കാർ ശീർഷകത്തിൽ ഒടുക്കു വരുത്തിയെന്ന് പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണം ഉറപ്പ് വരുത്തേണ്ടതും വിവരം സർക്കാരിൽ ലഭ്യമാക്കേണ്ടതാണെന്നും നിർദ്ദേശിച്ച് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**റ്റിങ്കു എസ്. നെൽസൺ**

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

പകർപ്പ് :-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള, തിരുവനന്തപുരം.
3. അഡ്വക്കേറ്റ് ജനറൽ, എറണാകുളം
4. ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, പട്ടം, തിരുവനന്തപുരം.
5. ശ്രീമതി എ. കെ. സുധാമ്മ ഇളങ്കത്തിവേലി നഗർ, 14C, തിരുമുല്ലവാരം പി ഒ, കൊല്ലം - 691012
6. തദ്ദേശ സ്വയം ഭരണ (എ ബി) വകുപ്പ്
7. പ്രിൻസിപ്പൽ ഡയറക്ടർ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശ സ്വയംഭരണം, സ്വരാജ് ഭവൻ, നന്ദൻകോട്, കവടിയാർ പി ഒ, തിരുവനന്തപുരം - 695003
8. നോഡൽ ഓഫീസർ, www.finance.kerala.gov.in
9. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഇ-2058752)

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**